കാൻസർ ബാധിതരുടെ കണക്ക്

7(2475) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ആർ.സി.സി.-യിലും എം.സി.സി.-യിലുമായി 2012 മുതൽ 2015 വരെ ഓരോ വർഷവും ചികിത്സക്കെത്തിയവരുടെയും തുടർചികിത്സക്കെത്തിയവരുടെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് ആർ.സി.സി.-യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികളുടെ കണക്കിൽനിന്നും വ്യക്തമാകുന്നത്. കഴിഞ്ഞ പത്തു വർഷം ആർ.സി.സി.-യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	വർഷാവർഷം ആർ.സി.സി.-യിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മൊത്തം രോഗികളുടെ എണ്ണം
2005-06	10310
2006-07	11173
2007-08	11327
2008-09	12123
2009-10	13040
2010-11	13230
2011-12	14282
2012-13	14985
2013-14	14903
2014-15	15940

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ.സി.സി.-യിലും എം.സി.സി.-യിലുമായി 2012 മുതൽ 2015 വരെ ചികിത്സക്കെത്തിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

ആർ. സി. സി.

വർഷം	പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം	തുടർ ചികിത്സയ്ക്ക് എത്തിയവരുടെ എണ്ണം
2011-12	14282	192805
2012-13	14985	208926
2013-14	14903	216889
2014-15	15940	223106

എം.സി.സി.

വർഷം	പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം	തുടർ ചികിത്സയ്ക്ക് എത്തിയവരുടെ എണ്ണം
2012	3192	49659
2013	3867	57758
2014	4433	51506
2015 (നവംബർ വരെ)	3564	43448

LIBRARY ARCHIVES Kerala Legislative Assembly